**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4909** **01-11-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 06/02/21 ലെ സ.ഉ.(അച്ചടി)4/21/പൊ.വി.വ. പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനായി സ്കൂൾ മാനേജർമാർ ഭാവിയിൽ ഉണ്ടാകുന്ന തസ്തികകൾ സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി വിട്ടു നൽകാമെന്ന സത്യപ്രസ്താവന നൽകേണ്ടതുണ്ടോ; എങ്കിൽ 2021-22 വർഷം നിയമനം നടത്താൻ ഒഴിച്ചിടുന്ന പ്രസ്തുത ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കുന്നകാലം വരെ അധ്യയനം മുടങ്ങാതിരിക്കാൻ ദിവസ വേതനത്തിൽ അധ്യാപകരെ നിയമിക്കാൻ അനുമതി നൽകുമോ; | (എ) | സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവുകളിൽ അവരുടെ നിയമനം സാധ്യമാകുന്നത് വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/06/2019 ലെ എച്ച്2/4747/2019/ ഡി.പി.ഐ പ്രകാരമുള്ള നിർദ്ദേശം നിലവിലുണ്ട്. 06/02/2021 ലെ ജി.ഒ(പി) നം.4/2021/പൊ.വി.വ ഉത്തരവ് ചില വ്യവസ്ഥകൾക്ക് വിധേയമായി 2016-17 മുതൽ 2019-20 വരെ നിയമനാംഗീകാരം ഇല്ലാതെ തുടർന്ന് വരുന്നവർക്ക് അംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ചതാണ്. അതിൽ മാനേജർ സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയും ഉൾപ്പെടുന്നു. ഈ ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തി 25/02/2021 ന് ജെ2/87/2020/പൊ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മേൽ ഉത്തരവിലെ അവ്യക്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തത വരുത്തുന്നതിനായി പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവുകളിൽ അവരുടെ നിയമനം സാധ്യമാകുന്നത് വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/06/2019 ലെ എച്ച്2/4747/2019/ ഡി.പി.ഐ പ്രകാരമുള്ള നിർദ്ദേശം നിലവിലുണ്ട്. 06/02/2021 ലെ ജി.ഒ(പി) നം.4/2021/പൊ.വി.വ ഉത്തരവ് ചില വ്യവസ്ഥകൾക്ക് വിധേയമായി 2016-17 മുതൽ 2019-20 വരെ നിയമനാംഗീകാരം ഇല്ലാതെ തുടർന്ന് വരുന്നവർക്ക് അംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ചതാണ്. അതിൽ മാനേജർ സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയും ഉൾപ്പെടുന്നു. ഈ ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തി 25/02/2021 ന് ജെ2/87/2020/പൊ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ